REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 21-07-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- നിപാ സ്ഥിതിഗതികൾ വിലയിരുത്താൻ മലപ്പുറത്ത് ഉന്നത തലയോഗം ചേർന്നു. രോഗലക്ഷണങ്ങൾ കാണുന്ന എല്ലാവരുടെയും സാമ്പിൾ പരിശോധിക്കുമെന്ന് മന്ത്രി വീണാ ജോർജ്.
- അമീബിക് മസ്തിഷ്ക ജ്വര ചികിത്സയ്ക്ക് പ്രത്യേക മാർഗരേഖ പുറത്തിറക്കി.
- അങ്കോളയിൽ മണ്ണിടിച്ചിലിൽ കാണാതായ അർജ്ജുനെ കണ്ടെത്താൻ സൈന്യം അല്പസമയത്തിനകം എത്തിച്ചേരും.
- പ്രഥമ ഉമ്മൻചാണ്ടി പുരസ്കാരം രാഹുൽഗാന്ധിക്ക്.
- ഏഷ്യാ കപ്പ് വനിതാ ക്രിക്കറ്റിലെ നിർണ്ണായക മത്സരത്തിൽ ഇന്ത്യ ഇന്ന് UAE യെ നേരിടും.

## വാർത്തകൾ വിശദമായി

നിപാ സ്ഥിതിഗതികൾ വിലയിരുത്താൻ മലപ്പുറം ഗസ്റ്റ് ഹൗസിൽ മന്ത്രി വീണാ ജോർജിന്റെ നേതൃത്വത്തിൽ ഉന്നത തലയോഗം ചേർന്നു. രോഗലക്ഷണങ്ങൾ കാണുന്ന എല്ലാവരുടെയും സാമ്പിളുകൾ പരിശോധിക്കുമെന്ന് മന്ത്രി അറിയിച്ചു. ഹൈറിസ്ക് പട്ടികയിൽ ഉൾപ്പെട്ട രണ്ട് കുട്ടികളിൽ രോഗലക്ഷണങ്ങൾ ഉണ്ടെങ്കിലും ഒരാളുടേത് വൈറൽഫീവർ മൂലമാണെന്ന് വിലയിരുത്തുന്നതായി അവർ അറിയിച്ചു. ഇവരുടെ സാമ്പിളുകൾ വിദഗ്ധ പരിശോധയ്ക്കയച്ചിട്ടുണ്ട്. 246 പേരാണ് സമ്പർക്കപട്ടികയിലുൾപ്പെടുന്നതെന്നും ഇവരിൽ 63 പേർ ഹൈറിസ്ക്ക് വിഭാഗത്തിലാണെന്നും വീണാ ജോർജ് പറഞ്ഞു.

നിപാ ബാധിതരുടെ ചികിത്സയ്ക്കായി ഉപയോഗിക്കുന്ന മോണോ ക്ലോണൽ ആന്റിബോഡി പൂനെയിൽ നിന്ന് ഉച്ചയോടെ കോഴിക്കോട്ട് എത്തുമെന്നാണ് പ്രതീക്ഷ. പൂനെയിൽ നിന്ന് മൊബൈൽ ലാബ് കൂടി ലഭ്യമാകും. വണ്ടൂർ കരുവാരക്കുണ്ട് മേഖലകളിൽ പ്രത്യേക ക്ലിനിക് സജ്ജീകരിക്കുമെന്നും മന്ത്രി അറിയിച്ചു.

രോഗം ബാധിച്ച കുട്ടി പഠിച്ച സ്കൂൾ ഉൾപ്പെടുന്ന ആനക്കയം ഗ്രാമപഞ്ചായത്ത് പരിധിയിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ജില്ലാ കലക്ടർ ഉത്തരവിട്ടു. ആൾക്കൂട്ടം പൂർണമായും ഒഴിവാക്കണമെന്നും മുൻകൂട്ടി നിശ്ചയിച്ച വിവാഹമടക്കം ചടങ്ങുകളിൽ ഏറ്റവും കുറവാളുകൾ മാത്രം പങ്കെടുക്കണമെന്നും കലക്ടർ ആവശ്യപ്പെട്ടു. മെഡിക്കൽ ഷോപ്പുകൾ ഒഴികെ കടകളും ഹോട്ടലുകളും രാവിലെ പത്ത് മുതൽ വൈകിട്ട് അഞ്ചുവരെ മാത്രമെ പ്രവർത്തിക്കാവൂ. സിനിമാ തിയേറ്ററുകൾ പൂർണമായും അടച്ചിടും. സ്കൂളുകൾ, കോളേജുകൾ, മദ്രസകൾ, അങ്കണവാടികൾ, ട്യൂഷൻ സെന്ററുകൾ എന്നിവ പ്രവർത്തിക്കരുത്.

✪✪✪

അമീബിക് മസ്തിഷ്ക ജ്വര ചികിത്സയ്ക്ക് പ്രത്യേക മാർഗരേഖ പുറത്തിറക്കിയതായി മന്ത്രി വീണാ ജോർജ് മലപ്പുറത്ത് അറിയിച്ചു. രോഗപ്രതിരോധം, രോഗ നിർണയം, ചികിത്സ എന്നിവ സംബന്ധിച്ചാണ് സാങ്കേതിക മാർഗരേഖ തയ്യാറാക്കിയത്. തുടർപഠനത്തിനും ഗവേഷണത്തിനും ICMR ന്റെ സഹകരണത്തോടെ സമിതിയെ നിയോഗിക്കുമെന്നും മന്ത്രി അറിയിച്ചു.

✪✪✪

കർണ്ണാടകയിലെ അങ്കോളയിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് സ്വദേശി ട്രക്ക് ഡ്രൈവർ അർജ്ജുനെ കണ്ടെത്താൻ തെരച്ചിൽ ഊർജിതമായി. രക്ഷാപ്രവർത്തനത്തിന് സൈന്യം ഉടൻ എത്തിച്ചേരും. കർണ്ണാടക മുഖ്യമന്ത്രി സിദ്ധരാമയ്യയും ഉച്ചയോടെ സംഭവ സ്ഥലത്തെത്തും. രാവിലെ മണ്ണ് നീക്കി തുടങ്ങിയെങ്കിലും ട്രക്കിന്റെ അടയാളങ്ങളൊന്നും ഇതു വരെ കണ്ടത്താനായിട്ടില്ല.

പ്രദേശത്ത് ഇപ്പോഴും ശക്തമായ മഴ തുടരുകയാണ്. തെരച്ചിൽ ഊർജിതമാക്കണമെന്ന് ആവശ്യപ്പെട്ട് അർജുന്റെ നാട്ടുകാരും ലോറി ജീവനക്കാരും കോഴിക്കോട് വിവിധ ഇടങ്ങളിൽ പ്രതിഷേധ പരിപാടികൾ സംഘടിപ്പിച്ചു.

✪✪✪

അർജ്ജുനെ കണ്ടെത്താൻ ഇപ്പോൾ യോജിച്ച ശ്രമം തുടരുകയാണ് വേണ്ടതെന്ന് മന്ത്രി P.A മുഹമ്മദ് റിയാസ് പറഞ്ഞു. കുറ്റങ്ങൾ ചൂണ്ടിക്കാണിക്കേണ്ട സമയമല്ലിതെന്നും സംസ്ഥാന ഗവൺമെന്റ് വിഷയത്തിൽ എല്ലാവിധ ഇടപെടലുകളും നടത്തുന്നുണ്ടെന്നും മന്ത്രി മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

ഇപ്പോൾ കിട്ടിയത്....

നിപ ബാധിച്ച് കോഴിക്കോട് മെഡിക്കൽ കോളജിൽ ചികിത്സയിലായിരുന്ന കുട്ടി മരിച്ചു. മലപ്പുറം പാണ്ടിക്കാട് സ്വദേശിയായ പതിനാലുകാരനാണ് മരിച്ചത്. ഇന്നലെയാണ് കുട്ടിയെ കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിൽ നിന്ന് മെഡിക്കൽ കോളജിലേക്ക് മാറ്റിയത്.

✪✪✪

ലോക പൈതൃക സമിതിയുടെ 46-ാം സമ്മേളനം പ്രധാനമന്ത്രി നരേന്ദ്രമോദി വൈകിട്ട് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഉദ്ഘാടനം ചെയ്യും. ഈ മാസം 31 വരെ സമ്മേളനം തുടരും.

150 രാജ്യങ്ങളിലെ രണ്ടായിരത്തിലധികം പ്രതിനിധികൾ യോഗത്തിൽ പങ്കെടുക്കും. ഭാരതത്തിന്റെ സംസ്കാരം വ്യക്തമാക്കുന്ന വിപുലമായ പ്രദർശനവും ഭാരത് മണ്ഡപത്തിൽ സംഘടിപ്പിച്ചിട്ടുണ്ട്. വേൾഡ് ഹെറിറ്റേജ് യങ്ങ് പ്രൊഫഷനൽ ഫോറവും സൈറ്റ് മാനേജർമാരുടെ യോഗവും സമ്മേളനത്തിന് അനുബന്ധമായി ചേരും.

✪✪✪

പാർലമെന്റ് ബജറ്റ് സമ്മേളനത്തിന് മുന്നോടിയായി ഗവൺമെന്റ് വിളിച്ച സർവ്വകക്ഷിയോഗം ന്യൂഡൽഹിയിൽ ആരംഭിച്ചു. ഇരു സഭകളുടെയും സുഗമമായ പ്രവർത്തനത്തിന് പ്രതിപക്ഷ പാർട്ടികളുടെ സഹകരണം തേടിയാണ് സർവ്വകക്ഷി യോഗം വിളിച്ചത്. ബജറ്റ് സമ്മേളനം നാളെ തുടങ്ങും. ചൊവ്വാഴ്ച ധനമന്ത്രി നിർമലാ സീതാരാമൻ ലോക്സഭയിൽ നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റ് അവതരിപ്പിക്കും. സമ്മേളന കാലത്ത് ആറ് പുതിയ ബില്ലുകൾ ഗവൺമെന്റ് കൊണ്ടുവരും.

✪✪✪

ഉമ്മൻചാണ്ടി ഫൗണ്ടേഷന്റെ പ്രഥമഉമ്മൻചാണ്ടി പുരസ്കാരം രാഹുൽഗാന്ധിക്ക് സമ്മാനിക്കും. മികച്ച പൊതു സേവനം

പരിഗണിച്ചാണ് രാഹുൽ ഗാന്ധിയെ പുരസ്കാരത്തിന് തെരഞ്ഞെടുത്തത്. ഭാരത് ജോഡോ യാത്രയിലൂടെ ജനങ്ങളുടെ പ്രശ്നങ്ങൾ കേൾക്കാനും പരിഹരിക്കാനും എടുത്ത നടപടികളാണ് അദ്ദേഹത്തെ പുരസ്കാരത്തിന് അർഹനാക്കിയത്. ഒരു ലക്ഷം രൂപയും ശില്പവുമാണ് പുരസ്കാരം.

✪✪✪

വിഴിഞ്ഞം തുറമുഖത്ത് മൂന്നാമത്തെ കപ്പൽ എത്തി. ഫീഡർ കപ്പലായ നേവിയോസ് ടെമ്പോയാണ് വിഴിഞ്ഞം തീരത്ത് നങ്കൂരമിട്ടത്. കൊളംബോയിൽ നിന്നാണ് കപ്പൽ എത്തിയത്. രാവിലെ 8.25 ഓടെ കപ്പൽ ബർത്തിൽ അടുപ്പിച്ചു.

✪✪✪

CPIM സംസ്ഥാന സമിതിയോഗം ഇന്ന് തിരുവനന്തപുരത്ത് തുടങ്ങും. സംസ്ഥാന ഗവൺമെന്റിന്റെ ഭാവിപ്രവർത്തന മാർഗരേഖയ്ക്ക് യോഗം രൂപം നൽകും.

✪✪✪

തൃശൂർ- കുറ്റിപ്പുറം, ഷൊർണൂർ- കൊടുങ്ങല്ലൂർ റോഡുകളുടെ നിർമാണം വേഗത്തിൽ പൂർത്തിയാക്കാൻ നടപടിയെടുക്കുമെന്ന് മന്ത്രി P.A മുഹമ്മദ് റിയാസ് തൃശൂരിൽ അറിയിച്ചു. നിർമാണപ്രവർത്തനങ്ങൾക്ക് വകുപ്പ് സെക്രട്ടറി നേരിട്ട് മേൽനോട്ടം വഹിക്കും. ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് വീഴ്ചയുണ്ടായാൽ കർശന നടപടിയെടുക്കുമെന്ന് ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പങ്കെടുത്ത യോഗത്തിൽ മന്ത്രി പറഞ്ഞു.

മന്ത്രിമാരായ ഡോ. R. ബിന്ദു, K. രാജൻ എന്നിവരും ജനപ്രതിനിധികളും KSTP ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുത്തു.

✪✪✪

കവിയും ചരിത്രകാരനും പ്രഭാഷകനുമായ ഡോ. അമ്പലപ്പുഴ ഗോപകുമാർ അന്തരിച്ചു. അദ്ദേഹത്തിന് 80 വയസ്സായിരുന്നു. ആലപ്പുഴ SD കോളേജ് മലയാള വിഭാഗം മേധാവിയായിരുന്നു അദ്ദേഹം.

പത്തിലേറെ കവിതാസമാഹാരങ്ങളും എട്ടിലധികം ഗദ്യകൃതികളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പുരസ്കാരം, വെണ്മണി പുരസ്കാരം, ജന്മാഷ്ടമി പുരസ്കാരം തുടങ്ങി ഒട്ടേറെ പുരസ്കാരങ്ങൾ നേടി.

✪✪✪

രണ്ടുമാസത്തിലേറെ നീളുന്ന പ്രസിദ്ധമായ ആറന്മുള വള്ളസദ്യക്ക് തുടക്കമായി. പതിനൊന്നരയോടെ ക്ഷേത്രത്തിലെ ആനക്കൊട്ടിലിൽ പ്രത്യേകം തയാറാക്കിയ സ്ഥലത്ത് ദേവസ്വം ബോർഡ് പ്രസിഡന്റ് P.S പ്രശാന്ത് ദീപം തെളിയിച്ച് വള്ളസദ്യ ഉദ്ഘാടനം ചെയ്തു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാപ്രതിനിധി ശ്രീജി S. ശ്രീധർ.

...............(വോയ്സ്).........

✪✪✪

സംസ്ഥാനത്ത് വടക്കൻ ജില്ലകളിൽ ഇന്നും മഴ തുടരും. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. കേരള തീരത്ത് ഇന്ന് രാത്രി വരെ കള്ളക്കടൽ പ്രതിഭാസത്തിനും, ഉയർന്ന തിരമാലയ്ക്കും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതി പഠന-ഗവേഷണ കേന്ദ്രം അറിയിച്ചു. കേരള - കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

കനത്ത മഴയിൽ ഇന്നലെ പാലക്കാട് ജില്ലയിൽ ഏഴുവീടുകൾ പൂർണമായും 12 വീടുകൾ ഭാഗികമായും തകർന്നതായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു. ചിറ്റൂർ താലൂക്കിൽ മൂന്നും അട്ടപ്പാടിയിൽ രണ്ടും പാലക്കാട്, ആലത്തൂർ താലൂക്കുകളിൽ ഓരോ വീടുമാണ് പൂർണമായി തകർന്നത്.

✪✪✪

കണ്ണൂർ കൂത്തുപറമ്പിനടുത്ത വട്ടിപ്രത്ത് ചെങ്കൽ ക്വാറി പൊട്ടി വെള്ളം ഒഴുകി ഒരു വീട് പൂർണമായും മറ്റൊരു വീട് ഭാഗികമായും തകർന്നു. മാവുള്ള കണ്ടി ബാബു എന്ന ആളുടെ വീടാണ് പൂർണമായും തകർന്നത്. പ്രസീദ് എന്ന ആളുടെ വീടിന്റെ മേൽക്കൂരയും തകർന്നു. നാല് വീടുകൾക്ക് ഭാഗികമായ കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്.

ക്വാറിയിൽ ഒരു ഭാഗത്തുനിന്നും മണ്ണിടിഞ്ഞുവീണപ്പോൾ വെള്ളം പുറത്തേക്ക് ഒഴുകിയതാണ് ദുരന്ത കാരണം എന്ന് സംശയിക്കുന്നു.

✪✪✪

കണ്ണൂർ പിണറായിയിൽ മിന്നൽ ചുഴലിക്കാറ്റിൽ വ്യാപക നാശനഷ്ടമുണ്ടായി. നിരവധി വീടുകൾക്ക് കേടുപറ്റി.

✪✪✪

ഓഗസ്റ്റ് 10-ന് പുന്നമടക്കായലിലെ 70-മത് നെഹ്‌റു ട്രോഫി വള്ളംകളിയിൽ വിവിധ വിഭാഗങ്ങളിലായി 73 വള്ളങ്ങൾ പങ്കെടുക്കും. ചുണ്ടൻ വിഭാഗത്തിൽ മാത്രം 19 വള്ളങ്ങളുണ്ട്.

വള്ളംകളിയുടെ ഭാഗ്യചിഹ്നത്തിന് നീലു എന്ന് പേരിട്ടു. കളിവള്ളം തുഴഞ്ഞു നീങ്ങുന്ന നീലപ്പൊൻമാനാണ് വള്ളം കളിയുടെ ഭാഗ്യചിഹ്നം. 33 പേർ ഈ പേര് നിർദേശിച്ചിരുന്നു. ഇവരിൽ നിന്ന് നറുക്കെടുപ്പിലൂടെ മലപ്പുറം പുത്തൂർ പള്ളിക്കൽ സ്വദേശി കീർത്തി വിജയനെ വിജയിയായി പ്രഖ്യാപിച്ചു.

✪✪✪

ഏഷ്യാ കപ്പ് വനിതാ ക്രിക്കറ്റിൽ ഗ്രൂപ്പ്-A-യിലെ നിർണ്ണായക മത്സരത്തിൽ ഇന്ത്യ ഇന്ന് UAE യെ നേരിടും. ഈ മത്സരം ജയിച്ചാൽ ഇന്ത്യയ്ക്ക് സെമി ഫൈനലിൽ കടക്കാം. ശ്രീലങ്കയിലെ ദാംബുള്ളയിൽ ഉച്ചയ്ക്ക് രണ്ടിനാണ് മത്സരം.

✪✪✪

കണ്ണൂർ മട്ടന്നൂരിനടുത്ത് നെല്ലുന്നിയിൽ കാറുകൾ കൂട്ടിയിടിച്ച് രണ്ടുപേർ മരിച്ചു. മട്ടന്നൂർ പരിയാരത്തെ നവാസ്, മകൻ യാസീൻ എന്നിവരാണ് മരിച്ചത്. മൂന്നു പേർക്ക് പരിക്കേറ്റു.

✪✪✪

തിരുവനന്തപുരത്ത് കിഡ്നി സ്റ്റോൺ ചികിത്സയ്ക്കായി കുത്തി വയ്പ്പെടുത്തതിന് പിന്നാലെ അബോധാവസ്ഥയിലായ യുവതി മരിച്ചു. തിരുവനന്തപുരം മലയിൻകീഴ് സ്വദേശി കൃഷ്ണയാണ് മരിച്ചത്.

✪✪✪

ആലത്തൂർ ഗായത്രി പുഴയിൽ മീൻ പിടിക്കാൻ ഇറങ്ങി കാണാതായ ചിറ്റൂർ, കുറ്റിപ്പള്ളം ശശിയുടെ മകൻ സിപിലിന്റെ മൃതദേഹം കണ്ടെത്തി. ഇന്നലെയാണ് സിപിൽ ഒഴുക്കിൽപെട്ടത്.

✪✪✪

വയനാട് മുത്തങ്ങ എക്സൈസ് ചെക്ക് പോസ്റ്റിൽ 161 ഗ്രാമോളം മെത്താഫിറ്റമിനുമായി ആയുർവേദ ഡോക്ടർ അറസ്റ്റിലായി. KSRTC ബസിൽ യാത്ര ചെയ്തിരുന്ന കൊല്ലം കരുനാഗപ്പള്ളിയിലെ ഡോ. അൻവർഷായാണ് അറസ്റ്റിലായത്. ഇയാൾ ദുബൈയിൽ സ്വന്തമായി ആയുർവേദ സെൻറർ നടത്തുന്നയാളാണ്.

✪✪✪

കോഴിക്കോട് വിൽപനക്കായി കൊണ്ട് വന്ന 94.31 ഗ്രാം MDMA യുമായി അഞ്ച് പേർ പോലീസ് പിടിയിലായി. മലപ്പുറം, കണ്ണൂർ സ്വദേശികളായ 5 യുവാക്കളാണ് കാറിൽ മയക്കുമരുന്ന് കടത്തിയത്.

✪✪✪

## പ്രധാന വാർത്തകൾ

**വീണ്ടും**

- നിപ ബാധിച്ച് കോഴിക്കോട് മെഡിക്കൽ കോളജിൽ ചികിത്സയിലായിരുന്ന കുട്ടി മരിച്ചു. മലപ്പുറം പാണ്ടിക്കാട് സ്വദേശിയായ പതിനാലുകാരനാണ് മരിച്ചത്.
- അമീബിക് മസ്തിഷ്ക ജ്വര ചികിത്സയ്ക്ക് പ്രത്യേക മാർഗരേഖ പുറത്തിറക്കി.
- അങ്കോളയിൽ മണ്ണിടിച്ചിലിൽ കാണാതായ അർജ്ജുനെ കണ്ടെത്താൻ സൈന്യം അല്പസമയത്തിനകം എത്തിച്ചേരും.
- പ്രഥമ ഉമ്മൻചാണ്ടി പുരസ്കാരം രാഹുൽഗാന്ധിക്ക്.
- ഏഷ്യാ കപ്പ് വനിതാ ക്രിക്കറ്റിലെ നിർണ്ണായക മത്സരത്തിൽ ഇന്ത്യ ഇന്ന് UAE യെ നേരിടും.